# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *304 14.03.2018-ൽ മറുപടിക്ക്**

## സോളാർ കേസിൽ അഴിമതി നിരോധന നിയമപ്രകാരം കേസെടുത്ത് അന്വേഷണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എൻ വിജയൻ പിള്ള<br>ശ്രീ. കാരാട്ട് റസാഖ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സോളാർ കേസ് സംബന്ധിച്ച് മുൻ സർക്കാർ നിയോഗിച്ച കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ – ഉദ്യോഗസ്ഥ – ഭരണതലത്തിലുള്ളവർക്കും അവരുടെ സ്റ്റാഫ് അംഗങ്ങൾക്കും എതിരെ അഴിമതി നിരോധന നിയമപ്രകാരം കേസെടുത്ത് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ;<br><br>(ബി) അക്കാലത്ത് ഭരണ നേതൃത്വത്തിലുണ്ടായിരുന്നവരെ രക്ഷപ്പെടുത്താൻ ശ്രമിച്ചവർക്കെതിരെയും നിയമ നടപടി സ്വീകരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; | (എ) യും (ബി) യും | ഭരണ സംവിധാനം ദുരുപയോഗപ്പെടുത്തി ഭരണ തലപ്പത്തുള്ളവർ തന്നെ വൻ തുകകൾ കൈപ്പറ്റിയതായും വലിയ തോതിൽ അഴിമതിയും ലൈംഗിക ചൂഷണവും നടത്തിയതായും, കൂടാതെ മുൻ എം.എൽ.എ. മാർ അടക്കമുള്ളവർ അന്നത്തെ ഭരണ നേതൃത്വത്തിലുള്ളവരെ രക്ഷപ്പെടുത്താൻവേണ്ടി സോളാർ കേസുകൾ ഒത്തു തീർപ്പാക്കാൻ പ്രവർത്തിച്ചതായും കമ്മീഷൻ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടി സംഹിത, അഴിമതി നിരോധന നിയമം, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റു ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുന്നതിനായി നോർത്ത് മേഖലാ ഡി.ജി.പി. ശ്രീ.രാജേഷ് ദിവാൻ അന്വേഷണ |

സംഘം തലവനായി പ്രത്യേക അന്വേഷണ സംഘത്തെ 08.11.2017-ലെ സ.ഉ.(കൈ) നം.231/2017/ആഭ്യന്തരം നമ്പർ ഉത്തരവിലൂടെ സർക്കാർ നിയമിച്ചിട്ടുണ്ട്.

(സി) സോളാർ കേസിനാസ്പദമായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ പോലീസ് സേനയുടെ അച്ചടക്കം ഉയർത്തിപ്പിടിക്കുന്നതിനും സെക്രട്ടേറിയറ്റിന്റെ സുരക്ഷ കാര്യക്ഷമമാക്കുന്നതിനും ഉള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

(സി) പോലീസ് സേനയുടെ അച്ചടക്കം ഉയർത്തിപ്പിടിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിക്കുവാൻ അനുയോജ്യമായ കാര്യക്ഷമതയുള്ള ഒരു ഏജൻസിയുടെ അന്വേഷണം അനിവാര്യമാണെന്ന് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. കമ്മീഷൻ ശിപാർശയുടെയും അതിന്മേൽ സർക്കാരിനു ലഭിച്ച ഉപദേശത്തിന്റെയും അടിസ്ഥാനത്തിൽ പോലീസ് -ജയിൽ വകുപ്പുകളിൽ നടത്തേണ്ട മാറ്റം സംബന്ധിച്ച് പഠിച്ച് സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കാനായി റിട്ട. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ശ്രീ. സി.എൻ രാമചന്ദ്രൻനായർ അധ്യക്ഷനായി മൂന്നംഗ സമിതിയെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിന്റെ സുരക്ഷയ്ക്ക് വേണ്ടി സി.സി.ടി.വി. യുടെ ദൃശ്യങ്ങൾ സംരക്ഷിക്കുന്നതും സംബന്ധിച്ച കമ്മീഷൻ ശിപാർശ പരിശോധിക്കാനായി ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**